Circular No: SBV12/2019-21

# സമസ്ത കേരള സുന്നി ബാലവേദി

(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം - 673 636. ഫോൺ: 9287274809, 0494 2400530, 2400749

**website: www.sksbvstate.com, Email: sksbvstate@gmail.com**

***സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാല വേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.***

മാന്യരെ, **السلام عليكم**

## ജലസംരക്ഷണ കാമ്പയിൻ

ലോകജലദിനമായ മാർച്ച് 22 നോടനുബന്ധിച്ച് **മാർച്ച് 10 മുതൽ മെയ് 30** തിയതികളിൽ **"കരുതിവെക്കാം ജീവന്റെ തുള്ളികൾ നാളേക്കായ്"** എന്ന പ്രമേയത്തിൽ സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റി ജലസംരക്ഷണ കാമ്പയിൻ ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ നമ്മുടെ മുഴുവൻ മദ്റസകളിലും താഴെ പറയും വിധം തണ്ണീർപന്തൽ, കൊളാഷ് നിർമാണം, പറവകൾക്കൊരു നീർ കുടം, പോസ്റ്റർ പ്രദർശനം, ജലദിന കവിത, ബോധവത്കരണം, എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

*** തണ്ണീർപന്തൽ:**

പൊതുസ്ഥലങ്ങൾ, ബസ്സ്റ്റോപ്പുകൾ എന്നിവ കേന്ദ്രീകരിച്ച് മുള, ഓല (പ്ലാസ്റ്റിക് ഉപകര ണങ്ങൾ കർശനമായി ഒഴിവാക്കുക) എന്നിവ ഉപയോഗിച്ച് തണ്ണീർപന്തലുകൾ സ്ഥാപിക്കുക. ഇതിന്റെ നടുവിലായി അൽപം ഉയരത്തിൽ ഏതാണ്ട് പത്ത് ലിറ്ററെങ്കിലും വെള്ളം കൊള്ളാ വുന്ന ഒരു കൂജയും വെള്ളം ഒഴിച്ചുകുടിക്കുവാനുള്ള ഗ്ലാസും സ്ഥാപിക്കുകയും തീരുന്നതിനനു സരിച്ച് ശുദ്ധമായ വെള്ളം നിറക്കാനുള്ള സംവിധാനവും ഒരുക്കുക. വെള്ളം മലിനമാകാതെ സൂക്ഷിക്കണം. ഇതിനായി അടിഭാഗത്ത് ടാപ്പ് ഘടിപ്പിച്ചിട്ടുള്ള കൂജ ഉപയോഗിക്കാവുന്നതാണ്. ചുരുങ്ങിയത് ഏപ്രിൽ മെയ് എന്നീ രണ്ട് മാസങ്ങളിലെങ്കിലും ഇത് നിലനിർത്തേണ്ടതാണ്.

*** കൊളാഷ് നിർമാണം:**

ജലം പാഴാക്കുന്നതിന്റെ ദോഷങ്ങളും ഭാവിയിലെ ബുദ്ധിമുട്ടുകളും വിദ്യാർത്ഥി മനസ്സുകളിൽ ഇടം പിടിക്കുന്ന രൂപത്തിലുള്ള കൊളാഷ് നിർമാണം സംഘടിപ്പി ക്കേണ്ടതാണ്.ജലം മലിനമാക്കിയാൽ നാം ഓരോരുത്തരും ഭാവിയിൽ നേരിടാൻ പോകുന്ന ഭവിഷത്തുക്കളും പ്രധാന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ജന മനസ്സുകളെ ബോധവത്കരിക്കലാണ് കൊളാഷ് നിർമാണത്തിന്റെ പ്രധാന ലക്ഷ്യം. കൊളാഷ് നിർമാണത്തിന് ആവശ്യമായ ഫോട്ടോസ്, പത്ര കട്ടിങ്ങുകൾ എന്നിവ ആനുകാലിക മാധ്യമങ്ങളിൽ നിന്ന് എടുക്കാവുന്നതാണ്.

*** പറവകൾക്കൊരു തണ്ണീർ കുടം:**

വേനൽ ചൂടിൽ നിന്ന് രക്ഷ നൽകാൻ പറവകൾക്കാവശ്യമായ വെള്ളം കിട്ടാൻ മദ്റസ പരിസരങ്ങളിലും കവല പ്രദേശങ്ങളിലും വീടുകളിലും തണ്ണീർ കുടം സ്ഥാപിക്കുക.

*** പോസ്റ്റർ പ്രദർശനം:**

ജലത്തിന്റെ പ്രാധാന്യം വിളിച്ചറിയിച്ചു കൊണ്ടു ചാർട്ട് പേപ്പറുകളിൽ എഴുതി തയ്യാറാക്കിയ പോസ്റ്ററുകൾ മദ്രസ പരിസരങ്ങളിൽ പ്രദർശിപ്പിക്കുക. മനോഹരവും ചിന്താർഹവും വർണാഭവും ആയ പോസ്റ്ററുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കുക. മികച്ച പോസ്റ്ററുകൾ നിർമിക്കുന്നവർക് സമ്മാനവും നൽകാം. ചില മോഡലുകൾ സംസ്ഥാന കമ്മിറ്റിയുടെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്. (www.sksbvstate.com)

PTO

കുട്ടികളെ കൊണ്ട് ഈ ചെറു കവിത ചൊല്ലിപ്പിക്കാം. ഒരാൾ ചൊല്ലി കൊടുക്കുമ്പോൾ മറ്റുള്ളവർ ഏറ്റു ചൊല്ലട്ടെ..

## ജലദിന കവിത

" പണ്ടൊരു കാട്ടിലെ കുന്നിൻ മുകളിൽ
പൊട്ടിയൊലിച്ചൊരു കുഞ്ഞുറവ
താഴേക്കൊഴുകി തടിവെച്ചോടുവിൽ
തെളിനീർ നൽകും പുഴയായി

കാടുകൾ മേടുകൾ മലകൾ ചേർന്നാ
മണ്ണിൽ നിറയെ നീണ്ടൊഴുകി
മഴയോ വർഷന്തോറും നിറയെ
വെള്ളം നൽകി നദിയാക്കി

കഷ്ടം കാടുകൾ വെട്ടി നിരത്തി
പുഴകൾ മരിച്ചു മരുമണലായി
മാലിന്യങ്ങൾ തള്ളി നിറച്ചു
കുടിനീർ മുഴുവൻ വിഷമയമായി

ഓർക്കുക നമ്മൾ ജലമെന്നാൽ
അത് സൃഷ്ടാവേകിയ നിഅ്മത്ത്
മഴയായി മണ്ണിൽ പെയ്തിറക്കും
പടച്ചവൻ തന്റെ റഹ്മത്ത്

അരുതേ നമ്മൾ കുടിനീരൊട്ടും
വെറുതെ പാഴായ് കളയരുതേ
അരുതേ പുഴയും തോടും നദിയും
കടലും മലിനം ആക്കരുതേ

ഞാനും കൈകൾ നീട്ടി എടുക്കും
പ്രതിജ്ഞ എന്നും ഓർമിക്കാൻ
ബാലവേദി കുട്ടികൾ ഞങ്ങൾ
ഇല്ല വെള്ളം പാഴാക്കില്ല
ബാലവേദി കുട്ടികൾ ഞങ്ങൾ
ഇല്ല വെള്ളം പാഴാക്കില്ല "

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വാട്സ്ആപ്പ് : **+91 9207000424**, ഇ-മെയിൽ: **sksbvstate@gmail.com**

എന്ന്
ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

ചേളാരി
29-02-2020

*NB: ഈ സർക്കുലർ ലഭിച്ചാൽ ഉടനെ അതാത് റെയ്ഞ്ചിൽപെട്ട എല്ലാ മദ്റസകൾക്കും എത്തിക്കേണ്ടതാണ്.*